പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 315

24.06.2013 ലെ മറുപടിയ്ക്ക്

**കേരള ശാസ്ത്ര കോൺഗ്രസിന്റെ വിലയിരുത്തൽ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ. പ്രദീപ് കുമാർ :<br>ഡോ. ടി. എം. തോമസ് ഐസക്ക് :<br>ശ്രീ. ആർ. രാജേഷ് :<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** | **ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി)** |
| (എ) ഗവേഷണ മേഖലയിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നി--ല്ലെന്ന കേരള ശാസ്ത്ര കോൺഗ്രസിന്റെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) വിമർശനത്തിനിടയായ സാഹചര്യം വിലയിരുത്തുകയുണ്ടായോ ; | (എ)-യും (ബി)-യും<br><br>അങ്ങനെയൊരു വിമർശനം കേരള ശാസ്ത്ര കോൺഗ്രസിൽ നിന്ന് ഉണ്ടായിട്ടില്ല. എന്നാൽ ഗവേഷണ മേഖലകളിലേയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുന്ന രീതിയിൽ ഗവൺമെന്റ് നൂതന പദ്ധതികൾ ആവിഷ്കരിക്കാനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ കേരള ശാസ്ത്ര കോൺഗ്രസിൽ നിന്നും വന്നിട്ടുണ്ട്. അതിനുള്ള നടപടികൾ എടുക്കുന്നുമുണ്ട്. |
| (സി) ഗവേഷണ സ്ഥാപനങ്ങൾ പൊതുവിൽ പ്രതിസന്ധിയിലകപ്പെട്ടത് എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ ; | (സി) ഗവേഷണ സ്ഥാപനങ്ങൾക്ക് ഏതെങ്കിലും ഒരു പ്രതിസന്ധിയുണ്ടാ--യിട്ടുള്ളതായി അറിയിച്ചിട്ടില്ല. |
| (ഡി) ഗവേഷണ സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ ? | (ഡി) ഗവേഷണ സ്ഥാപനങ്ങൾക്ക് വേണ്ട പരിഗണനകൾ നൽകുന്നുണ്ട്; ഗവേഷകരുടെ പ്രവർത്തനങ്ങളെ വേണ്ട രീതിയിൽ പ്രോത്സാഹിപ്പിക്കുന്നുണ്ട്. പ്രത്യേക പരിഗണനയ്ക്കുള്ള വ്യക്തമായ ശുപാർശകൾ ഗവേഷണ സ്ഥാപനങ്ങളുടെ ഭരണ-ഗവേഷണ വിദഗ്ധ സമിതികളിൽ നിന്നും ലഭ്യമാകുമ്പോൾ ക്രിയാത്മകമായ നടപടികൾ എടുക്കും. |

**സെക്ഷൻ ഓഫീസർ**